**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5319** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയിലായി നാളിതുവരെ എത്ര കുടിശികയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | നിലവിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ലഭ്യമായ ബില്ലുകൾ പ്രകാരം പെൻഷൻ ആനുകൂല്യമായ ഡി.സി.ആർ.ജി., സി.വി.പി. ഇനത്തിൽ 1,057 ജീവനക്കാർക്ക് 82.3 കോടി രൂപയും, പ്രോവിഡന്റ് ഫണ്ട് ക്ലോഷർ ഇനത്തിൽ 1,166 ജീവനക്കാർക്ക് 43.31 കോടി രൂപയും ലീവ് സറണ്ടർ ഇനത്തിൽ 1,877 ജീവനക്കാർക്ക് 32.51 കോടി രൂപയും കുടിശ്ശികയുണ്ട്. |
| (ബി) | പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യ വിതരണത്തിനായി ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്രത്യേക സ്കീം രൂപീകരിച്ച് ആനുകൂല്യ വിതരണം നടന്നു വരികയാണ്. 2023 ഡിസംബർ മാസം വരെ വിരമിച്ച ജീവനക്കാരെ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രസ്തുത സ്കീം ബഹു.ഹൈക്കോടതി അംഗീകരിച്ചിട്ടുള്ളതാണ്.<br><br>2024-ൽ വിരമിച്ച ജീവനക്കാരെ കൂടി ഉൾപ്പെടുത്തി സ്കീം പുനഃക്രമീകരിച്ച് ബഹു. ഹൈക്കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ടി സ്കീം പ്രകാരം 2024 ഡിസംബർ മാസം വരെ വിരമിച്ച ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ 2027 മാർച്ച് മാസത്തോടു കൂടിയും, ഡി.സി.ആർ.ജി., സി.വി.പി. ആനുകൂല്യം 2026 ഒക്ടോബർ മാസത്തോടു കൂടിയും വിതരണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ